## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 340** **12.01.2021 – ൽ മറുപടിക്ക്.**

## ഭക്ഷ്യഭദ്രത നിയമം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ഐ.സി. ബാലകൃഷ്ണൻ :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** റേഷൻ കടകൾ വഴിയുള്ള സേവനം വൈവിദ്ധ്യവൽക്കരിക്കുന്നതിന്റെ ഭാഗമായി ഇതിനകം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; ഇത് വിജയപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;<br><br>**(ബി)** യു.പി.എ. സർക്കാർ കൊണ്ടുവന്ന ഭക്ഷ്യഭദ്രത നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയതോട് കൂടി പൊതുവിതരണ രംഗത്ത് വന്നിട്ടുള്ള മാറ്റം എന്തൊക്കെയാണ്;വിശദാംശം നൽകുമോ; | **(എ) യും (ബി) യും** | 1. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി ആധാർ അധിഷ്ഠിത റേഷൻ കാർഡുകളുടെ വിതരണം സംസ്ഥാനത്ത് നടപ്പിലാക്കി കഴിഞ്ഞു.<br>2. സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് റേഷൻസാധനങ്ങളുടെ വിതരണം ഇ-പോസ് മുഖാന്തിരമാക്കി. കണക്ടിവിറ്റി ലഭ്യമല്ലാത്ത 19 കടകളിൽ ഓഫ്-ലൈനായി വിതരണം നടക്കുന്നു.<br>3. നേരിട്ട് റേഷൻ വാങ്ങാൻ കഴിയാത്ത ശയ്യാവലംബരായ കാർഡുടമകൾക്കു വേണ്ടി അതേ കടയിലെ മറ്റൊരു കാർഡിലെ അംഗത്തെ പ്രോക്സിയായി നിയമിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>4. രാജ്യത്തുടനീളം ഒരേ റേഷൻ കാർഡ് ഉപയോഗിച്ച് റേഷൻ വാങ്ങാവുന്ന വിധം പൊതുവിതരണ സമ്പ്രദായത്തെ മാറ്റുന്ന സംവിധാനമായ IMPDS സംസ്ഥാനത്ത് പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ട്.<br>5. 45 ക്വിന്റൽ വിതരണം നടത്തുന്ന റേഷൻ വ്യാപാരികൾക്ക് പ്രതിമാസം കുറഞ്ഞത് 18000/- രൂപ കമ്മീഷൻ ലഭ്യമാക്കുന്ന കമ്മീഷൻ പാക്കേജ് നടപ്പിലാക്കി.<br>6. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകട തല വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.<br>7. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിൽ സ്വതന്ത്ര ചുമതല ഉള്ള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ച് |

പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

8. അഡീഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ്മാരെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള ജില്ലാ തല പരാതി പരിഹാര ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്.

9. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ടിന്റെ അന്തിമ റിപ്പോർട്ട് TISS സമർപ്പിച്ചിട്ടുണ്ട്. നിലവിലെ കോവിഡ്-19 ന്റെ വ്യാപന പശ്ചാത്തലത്തിൽ സോഷ്യൽ ആഡിറ്റിംഗ് നടത്തുക പ്രായോഗികമല്ലാത്തതിനാൽ 2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് സോഷ്യൽ ആഡിറ്റിംഗ് നടത്തുവാൻ സാധിച്ചിട്ടില്ല.

10. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് കേന്ദ്രസർക്കാർ മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി നിയമിച്ചിട്ടുള്ള കേരള യൂണിവേഴ്സിറ്റി വിവിധ ജില്ലകളിൽ പഠനം നടത്തി കേന്ദ്രസർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

11. ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ എത്തിച്ച് നൽകുന്നതിനായി 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതി തൃശ്ശൂർ, പത്തനംതിട്ട, പാലക്കാട്, വയനാട്, ഇടുക്കി, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ ആരംഭിച്ചു.

12. നിർദ്ധനരായവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്നതുവഴി സംസ്ഥാനത്ത് പട്ടിണി നിർമാർജനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടു കൂടിയുള്ള വിശപ്പ രഹിത കേരളം പദ്ധതി ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

13. പൊതുജനങ്ങൾക്ക് ഉപകാരപ്രദവും വ്യാപാരികൾക്ക് അധിക വരുമാനവും ലഭ്യമാക്കുന്നതിനായി റേഷൻ കടകൾ വഴി കുപ്പിവെള്ളം, സപ്ലൈകോ ഉത്പന്നങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇ-പോസ് മെഷീൻ മുഖേന മിനി ബാങ്കിംഗ് സൗകര്യം ഉൾപ്പെടെയുള്ള മറ്റ് സേവനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു.

14. ഓൺലൈൻ പരാതി പരിഹാര സംവിധാനം (Public Grievance Redressal Portal) ആരംഭിച്ചു.

15. ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് ഗോഡൗൺ മുതൽ ഉപഭോക്താവ് വരെയുള്ള വിശദാംശങ്ങൾ SCMS - ൽ ലഭ്യമാണ്.

16. റേഷൻകട നവീകരണത്തിന്റെ ഭാഗമായി എല്ലാ റേഷൻകടകൾക്കും മഞ്ഞയും ചുവപ്പും നിറങ്ങളിൽ ഉള്ള നിശ്ചിത മാതൃകയിലെ നെയിം ബോർഡ്, സ്റ്റോക്ക് ബോർഡ് എന്നിവ സ്ഥാപിച്ചു.

**(സി)** പൊതുവിതരണ രംഗത്ത് നടമാടിയിരുന്ന അഴിമതി ഒരു പരിധിവരെ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഇതിലൂടെ സാധിച്ചിട്ടുണ്ടോ; വാതിൽപടി വിതരണം ഇക്കാര്യത്തിൽ എത്രമാത്രം സഹായകമായിയെന്ന് വിശദമാക്കുമോ;

**(സി) യും** ഇപ്രകാരം ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന എല്ലാ പ്രവർത്തനങ്ങളും നടപ്പാക്കിയതിലൂടെ പൊതുവിതരണ രംഗം സുതാര്യമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. വാതിൽപ്പടി വിതരണത്തിൽ മൊത്തവിതരണക്കാരെ ഒഴിവാക്കി സപ്ലൈകോയെ ചുമതലപ്പെടുത്തിയതിലൂടെ റേഷൻ വ്യാപാരികൾക്ക് കൃത്യമായ അളവിൽ ഭക്ഷ്യധാന്യങ്ങൾ കടകളിൽ എത്തിക്കുന്നതിന് സാധിക്കുന്നുണ്ട്. കൂടാതെ വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങളെ തിരിച്ചറിയുന്നതിനായി ഏകീകൃത കളർ കോഡ് നൽകുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**(ഡി)** എ.എ.വൈ/മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടിരുന്നവരിൽ സ്ഥിരമായി റേഷൻ വാങ്ങിക്കാത്ത കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; ഇപ്രകാരം ഒഴിവാക്കിയവരെ പിന്നീട് വ്യക്തമായ കാരണം ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വീണ്ടും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

**(ഡി) യും** എ.എ.വൈ/പി.എച്ച്.എച്ച് വിഭാഗത്തിൽ ഉൾപ്പെട്ടിരുന്നവരിൽ തുടർച്ചയായി 3 മാസം റേഷൻ വാങ്ങാത്ത 52245 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മതിയായ കാരണം കാണിച്ച് ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുന്ന പക്ഷം അർഹതയുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**